# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1598** **15.02.2016 ൽ മറുപടിയ്ക്ക്**

## നാളികേരത്തിന്റെ വിലയിടിവ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ : | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ മന്ത്രി) |
| (എ) നാളികേരത്തിന്റെ വിലയിടിവ് മൂലം കർഷകർക്കുണ്ടാവുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നു വ്യക്തമാക്കാമോ; നാളികേരം സംഭരിക്കുന്നതിൽ സർക്കാർ നിശ്ചയിച്ച വില കർഷകർക്ക് ലഭ്യമാവുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) നാളികേരത്തിന്റെ വിലയിടിവ്മൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സംസ്ഥാന കൃഷിവകുപ്പ് കേരഫെഡിന്റെ സഹകരണത്തോടെ പച്ചനാളികേര സംഭരണ പദ്ധതി നടപ്പിലാക്കിവരുന്നു. വിപണിവിലയേക്കാൾ ഉയർന്ന വില നൽകിയാണ് കൃഷിഭവൻ വഴി കേരഫെഡ് നാളികേരം സംഭരിക്കുന്നത്. സംസ്ഥാനത്തെ എട്ടു ജില്ലകളിൽ ആരംഭിച്ച പദ്ധതി ഇപ്പോൾ വയനാട്, ഇടുക്കി, തിരുവനന്തപുരം ജില്ലകൾ ഒഴികെയുള്ള 11 ജില്ലകളിലെയും തെരഞ്ഞെടുത്ത കൃഷിഭവനുകൾ മുഖേന നടപ്പിലാക്കിവരുന്നു. കൃഷിഭവനിൽ രജിസ്റ്റർ ചെയ്ത നാളികേര കർഷകർക്ക് ആഴ്ചയിൽ രണ്ടു ദിവസം വീതം (ചൊവ്വ, വ്യാഴം) നാളികേരം കൃഷിഭവനിൽ നൽകാവുന്നതാണ്.കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നൽകിവരുന്നത്. പൊതു വിപണിയിൽ കിലോഗ്രാമിന് 15-16 രൂപ വിലയുള്ളപ്പോൾ 25 രൂപ വിലയ്ക്കാണ് കൃഷിഭവൻ വഴി കേരഫെഡ് സംഭരിക്കുന്നത്. |

സെക്ഷൻ ഓഫീസർ